DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

15.06.2019

# കാർഷികമേഖലാവാർത്തകൾ

## മൃഗസംരക്ഷണ മേഖല – അവാർഡുകൾ

2018 വർഷത്തിലെ മൃഗസംരക്ഷണ മേഖലയിലെ ഏറ്റവും മികച്ച കർഷകർക്ക് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും അവാർഡിന് അപേക്ഷകൾ ക്ഷണിക്കുന്നു. സംസ്ഥാന തലത്തിൽ മികച്ച ക്ഷീരകർഷകൻ, വാണിജ്യ അടിസ്ഥാനത്തിൽ ഏറ്റവും മികച്ച ഡയറി ഫാം, മികച്ച സമ്മിശ്ര കർഷകൻ, എന്നിവർക്ക് ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും, ഫലകവും നൽകുന്നതാണ്. മികച്ച പൗൾട്രി കർഷകൻ, മികച്ച യുവകർഷകൻ, വനിത സംരംഭക എന്നിവർക്ക് അൻപതിനായിരം രൂപയും പ്രശസ്തി പത്രവും, ഫലകവും എന്നി എന്നിങ്ങനെയാണ് അവാർഡ്. ജില്ലാ തലത്തിൽ മികച്ച ക്ഷീരകർഷകന് ഇരുപതിനായിരം രൂപയും പ്രശസ്തി പത്രവും, ഫലകവും, മികച്ച സമ്മിശ്രകർഷകന് പതിനായിരം രൂപയും പ്രശസ്തി പത്രവും, ഫലകവും നൽകുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ ജൂൺ 20 ന് മുൻപായി അതാത് മൃഗാശുപത്രികളിൽ സമർപ്പിക്കേണ്ടതാണെന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അറിയിച്ചു. അപേക്ഷാ ഫോമിനും കൂടുതൽ വിവരങ്ങൾക്കുമായി അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

## അറിയിപ്പ്

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ പൂവൻ കോഴിക്കുഞ്ഞുങ്ങളെ 8 രൂപ നിരക്കിൽ ചൊവ്വ, വെള്ളി ദിവസങ്ങളിൽ വിൽപ്പന നടത്തുന്നു. ആവശ്യമുള്ളവർ 9447041897, 9895666968 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## അറിയിപ്പ്

കരുവാറ്റ കൃഷി ഭവൻ പരിധിയിൽ വരുന്ന കരനെൽകൃഷി ചെയ്യാൻ താൽപര്യമുള്ള കർഷകർ കരുവാറ്റ കൃഷി ഭവനുമായി ബന്ധപ്പെടണമെന്ന് കൃഷി ഓഫീസർ അറിയിക്കുന്നു.

## കാർഷികസർവ്വകലാശാലയിലെ ഇൻസ്ട്രക്ഷണൽഫാമിൽ ഹൈഡ്രോപോണിക്സ് കൃഷിരീതിയിൽ 3 ദിവസത്തെ പരിശീലനപരിപാടി

മണ്ണ് ഉപയോഗിക്കാതെ പൂർണ്ണമായും വെള്ളം ഉപയോഗിച്ച് കൃഷി ചെയ്യാൻ സാധിക്കുന്ന നൂതന കൃഷിരീതിയായ ഹൈഡ്രോപോണിക്സ് വിഷയത്തെ പറ്റി 3 ദിവസത്തെ പരിശീലനപരിപാടി ഈ മാസം 20 മുതൽ 22 വരെയുള്ള തിയ്യതികളിൽ, Hi-Tech Research and Training Unit Hall, ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിൽ വെച്ച് നടത്തുന്നതാണ്. വിവിധതരം ഹൈഡ്രോപോണിക്സ് സിസ്റ്റം, - രൂപകൽപ്പനകൾ, പ്രവർത്തന-ഉപയോഗ-പരിപാലന രീതികൾ, ഇൻസ്റ്റലേഷൻ, രോഗകീടനി യന്ത്രണം, വിളകളുടെ പരിപാലനം, എന്നിവയെകുറിച്ച് വിദഗ്ദർ ക്ലാസ്സു

കൾ എടുക്കുന്നതായിരിക്കും. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ **7025498850** എന്ന നമ്പറിൽ ബന്ധപ്പെടുക.

## റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ പരിശീലനം

റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർപാൽസംഭരണം, സാന്ദ്രീകരണം, ലാറ്റക്സ് കോമ്പൗണ്ടിങ്, ഉത്പന്നങ്ങളുടെ രൂപകൽപന, ഗുണമേന്മാനിയന്ത്രണം; റബ്ബർബാൻഡ്, കൈയുറ, റബ്ബർനൂൽ, ബലൂൺ, റബ്ബർപശ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമ്മാണം എന്നിവയിലുള്ള പരിശീലനം ജൂൺ 17 മുതൽ 21 വരെ കോട്ടയത്തുള്ള റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടക്കും. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് 3750 രൂപയാണ്. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപെട്ടവർക്ക് ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം, ഫീസിനത്തിൽ 50 ശതമാനം ഇളവു ലഭിക്കും. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 300 രൂപ അധികം നൽകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 04812353325, 2353127 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക. ഇ മെയിൽ training@rubberboard.org.in.